# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഗവ: മോഡൽ യു. പി. എസ് തലവടി





# ആമുഖം

ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ തലവടി ഗ്രാമത്തിലാണ് ഈ വിദ്യാലയം പ്രവർത്തിക്കുന്നത്. ഇതൊരു സർക്കാർ വിദ്യാലയമാണ്. കുട്ടനാട് വിദ്യാഭ്യാസ ജില്ലയുടെ കീഴിലുള്ള തലവടി ഉപജില്ലയാണ് ഈ സ്കൂളിന്റെ ഭരണ നിർവഹണ ചുമതല നടത്തുന്നത്. 1912-ൽ സ്ഥാപിതമായ ഈ വിദ്യാലയം തലമുറകൾക്ക് അറിവ് പകർന്നു നൽകുന്നു.

ധാരാളം കുട്ടികൾ പഠിച്ചിരുന്ന ഈ സ്കൂളിൽ ഇന്ന് 1 മുതൽ 7 വരെ ക്ലാസ്സുകളിൽ 20 കുട്ടികളും, 8 സ്ഥിര അധ്യാപകരും, ഒരു O.A യും PTCM ഉം ജോലി ചെയ്തു വരുന്നു.

എല്ലാ പദ്ധതികളേയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന ജി. എം. യു. പി സ്കൂൾ, തലവടി സജീവമായ SMC, MPTA, രക്ഷിതാക്കൾ, പൊതു സമൂഹം എന്നിവരുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും, കുട്ടികളുടെ സർവ്വ പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ അഭിമാനത്തോടെ സമർപ്പിക്കുന്നു.

## ഉള്ളടക്കം


# ആമുഖം
# ചരിത്രം
# അടിസ്ഥാന വിവരങ്ങൾ
# ലക്ഷ്യങ്ങൾ
# സ്കൂൾ മികവിന്റെ കാഴ്ചപ്പാട്
# നിലവിലെ അവസ്ഥ വിശകലനം
# പ്രശ്നങ്ങൾ/വെല്ലുവിളികൾ
# വിഷയമേഖലാ പ്രവർത്തനങ്ങൾ
# പദ്ധതി രൂപീകരണ പ്രക്രിയ
# ഉപസംഹാരം.

# ചരിത്രം

ആദ്യമായി തലവടിയിൽ ഒരു സർക്കാർ മലയാളം പള്ളിക്കൂടം ആരംഭിച്ചത് 1885 ലാണ് നടുവിലെ മുറിയിൽ പട്ടമന ഇല്ലം വക കൊച്ചു കുടി പറമ്പിലായിരുന്നു ആ പള്ളിക്കൂടം. സ്ഥലത്തെ വന്ദ്യനായ ആശാനും ശിഷ്യന്മാർ ആരാധ്യനും ആയ കളിക്കൽ ഉമ്മൻ ആശാനായിരുന്നു അതിന്റെ ചുമതല വഹിച്ചത്. അതിന് ഒരു അധ്യാപകനെ ഉണ്ടായിരുന്നുള്ളൂ. സ്കൂൾ അവിടെനിന്ന് മാറി മുട്ടത്തു വക ഇട പറമ്പിൽ സ്ഥാപിച്ചു. അന്ന് കളിക്കൽ ഉമ്മൻ ആശാൻ ഹെഡ്മാസ്റ്ററും രണ്ടു സഹ അധ്യാപകരും ഉൾപ്പെട്ട മൂന്നു ക്ലാസ്സ് ഉള്ള ഒരു പള്ളിക്കൂടം ആയി ഉയർന്നു. അന്നത്തെ ആ സ്കൂൾ ക്രമേണ ജീർണ്ണിച്ചു. പിന്നീട് 1907 ൽ ഇടങ്ങിയിൽ പടിഞ്ഞാറു വശത്ത് ഇപ്പോഴത്തെ പ്രൈമറി സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥാനത്ത് മാറ്റി സ്ഥാപിച്ചു. അന്ന് നാല് ക്ലാസ് ഉള്ള ഒരു പള്ളിക്കൂടം ആയി സ്ഥലവാസികളുടെ പരിശ്രമഫലമായി 1912 ൽ ഒരു പൂർണ്ണ മിഡിൽ സ്കൂളായി ഉയർന്നു.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്ഥാപിതം | : 1912 |
| സ്കൂളിന്റെ പേര് | : ഗവ: മോഡൽ യു.പി.എസ് തലവടി |
| മേൽവിലാസം | : തലവടി, തലവടി പി.ഒ |
| ഫോൺ | : 9496157185 |
| സ്കൂൾ കോഡ് | : 46324 |
| റവന്യൂ ജില്ല | : ആലപ്പുഴ |
| വിദ്യാഭ്യാസ ജില്ല | : കുട്ടനാട് |
| ഉപജില്ല | : തലവടി |
| ബി.ആർ.സി | : തലവടി |
| സി.ആർ.സി | : തലവടി |
| ലോകസഭാമണ്ഡലം | : മാവേലിക്കര |
| നിയമസഭാമണ്ഡലം | : കുട്ടനാട് |
| താലൂക്ക് | : കുട്ടനാട് |
| ബ്ലോക്ക് പഞ്ചായത്ത് | : ചമ്പക്കുളം |
| പഞ്ചായത്ത് | : തലവടി |
| വാർഡ് | : 11 |
| ഇ.മെയിൽ | : thalavadygmups@gmail.com |

# ലക്ഷ്യങ്ങൾ

* മുഴുവൻ ക്ലാസ്സ് റൂമുകളേയും Smart ക്ലാസ്സ് റൂമുകളാക്കുക.
* പ്രീ പ്രൈമറി അംഗീകാരം നേടുക.
* SMC യുടെ പങ്കാളിത്തത്തോടെ സ്കൂൾ, ലൈബ്രറി എന്നിവ കൂടുതൽ മെച്ചപ്പെടുത്തുക
* ജൈവ വൈവിധ്യ ഉദ്യാനത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.
* കുട്ടികളുടെ സർഗ്ഗവാസനകൾ വളർത്തുവാൻ സാഹിത്യ സദസ്സുകൾ സംഘടിപ്പിക്കുക.
* സ്കൂളും പരിസരവും മാലിന്യമുക്തമാക്കുക.
* കുട്ടികളിൽ ഇംഗ്ലീഷ് ആശയവിനിമയത്തിനുള്ള പ്രാവീണ്യം നേടുക.
* സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
* പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
* ലഘു പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

* മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.
* കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
* കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
* പുതിയ തലമുറയിൽ കൃഷിയോടുള്ള താത്പര്യം വളർത്തിയെടുക്കുക.
* പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
* പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
* ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക
* ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക.

# സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

വിദ്യാലയാന്തരീക്ഷം പ്ലാസ്റ്റിക്, ലഹരി വിമുക്തമാക്കുക. പരിസ്ഥിതി സൗഹാർദ്ദപരമായി പഠനം കാര്യക്ഷമമാക്കുക. പരിസ്ഥിതി ക്ലബ്ബുകൾ, ഫീൽഡ് ട്രിപ്പ് എന്നിവ പഠനത്തോടൊപ്പം നടത്തുക. പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂൾ പരിസരം വൃത്തിയാക്കുക. ഇതിനായി MPTA യുടെ സഹായം തേടുക. സ്മാർട്ട് ക്ലാസ് റൂം ഏർപ്പെടുത്തി IT അധിഷ്ഠിതമാക്കി എല്ലാ പഠനപ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുക. ഇതിന് ഇന്റർനെറ്റ് സൗകര്യം, ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവ പ്രയോജനപ്പെടുത്തുക.

ഭാഷാപഠനത്തിന് ഭാഷാലാബ് തയ്യാറാക്കുക. ഇന്റർനെറ്റിൽ ലഭ്യമായ പുസ്തകങ്ങൾ ചേർത്തുകൊണ്ട് ഡിജിറ്റൽ ലൈബ്രറി തയ്യാറാക്കുക. എല്ലാ സമയത്തും വായിക്കാൻ പറ്റുന്ന രീതിയിൽ വായനാമൂല സജ്ജീകരിക്കുക. സംയുക്ത ഡയറി, സചിത്ര പുസ്തകം, സർഗാത്മക ഡയറി, റീഡേഴ്സ് തിയേറ്റർ, രചനാ പരിചയ കുറിപ്പ്, പോസ്റ്ററുകൾ, സ്കിറ്റുകൾ, കഥാരചന, കവിതാ രചന ഇവ പഠനപ്രവർത്തനങ്ങൾക്കൊപ്പം നടത്തി ഭാഷ മെച്ചപ്പെടുത്തുക.

ഇംഗ്ലീഷ്, ഹിന്ദി എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്ന സമയത്ത് ഈ ഭാഷ കൈകാര്യം ചെയ്യുക. അതിലൂടെ കുട്ടികൾക്ക് ഭാഷാ പരിജ്ഞാനം ഉണ്ടാക്കുക. എല്ലാ ദിവസവും ഏതെങ്കിലും ഒരു വസ്തുവിനെക്കുറിച്ച് (ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ) കുട്ടികളെ വ്യക്തിഗതമായി എഴുതാൻ പ്രോത്സാഹിപ്പിക്കുക. ഇംഗ്ലീഷ്, ഹിന്ദി അസംബ്ലി ആഴ്ചയിലൊരിക്കൽ നടത്തുക.

എസ്. ആർ. ജി : മാസത്തിൽ 2 യോഗങ്ങൾ ചേരുന്നു. കൂടാതെ അടിയന്തിര ഘട്ടങ്ങളിലും ചേരുന്നു. പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നു. പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു. അവലോകനം, അടുത്ത ആഴ്ചയിൽ നടക്കേണ്ട പഠനപ്രവർത്തനങ്ങളുടെ അവതരണം, മറ്റ് അക്കാദമിക പ്രവർത്തനങ്ങൾ.

പി. ടി. എ : SMC യ്ക്ക് കീഴിൽ പ്രവർത്തിക്കുന്നു. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, ഫണ്ട് വിനിയോഗം ഇവയുടെ മേൽനോട്ടം.

എം. പി. ടി. എ : ദിനാചരണങ്ങൾ, ആഘോഷങ്ങൾ എന്നിവയിൽ പങ്കാളിത്തം എസ്. എം. സി യുടെ ഭാഗമായി പ്രവർത്തിക്കുന്നു. ഉച്ചഭക്ഷണ സമിതിയുടെ മേൽനോട്ടം.

എസ്.എം.സി: സജീവമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങളുടെ ഫണ്ട് വിനിയോഗം വിലയിരുത്തൽ. എല്ലാവരും സജീവമായി പങ്കെടുക്കുന്നു.

എസ്.എസ്.ജി: സജീവം. പ്രത്യേകയോഗങ്ങൾ ചേരുന്നു. പൊതുസമൂഹത്തെ കൂടുതൽ ഉൾക്കൊള്ളിക്കുന്നു.

സ്കൂൾ വികസന സമിതി: തദ്ദേശ സ്വയംഭരണ സ്ഥാപനം, പൊതുപ്രവർത്തകർ, സ്വയം സഹായസംഘങ്ങൾ, ക്ലബ്ബുകൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരെ സമഗ്രമായി ഉൾക്കൊള്ളിച്ച് വിപുലപ്പെടുത്തണം. പൂർവ്വവിദ്യാർത്ഥികൾ സ്കൂളിന് കമ്പ്യൂട്ടർ, മൈക്ക്, പഠനോപകരണങ്ങൾ തുടങ്ങിയവ നൽകി.

ക്ലബ്ബ് പ്രവർത്തനങ്ങൾ: ക്ലബ്ബുകൾ ഓരോ അധ്യാപകരുടെയും നേതൃത്വത്തിൽ സജീവമായി പ്രവർത്തിക്കുന്നു. വിദ്യാരംഗം, ഭാഷാ ക്ലബ്ബുകൾ, ഗണിതം, ശാസ്ത്രം, ആരോഗ്യം, സാമൂഹ്യശാസ്ത്രം, സീഡ് തുടങ്ങിയവ.
മാസം തോറും പ്രവർത്തന കലണ്ടർ അനുസരിച്ചുള്ള

പരിപാടികൾ ദിനാചരണങ്ങൾ ആഘോഷങ്ങൾ പഠനപ്രവർത്തനങ്ങൾ എന്നിവ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ നടക്കുന്നു.

ലാബ് പ്രവർത്തനങ്ങൾ: കമ്പ്യൂട്ടർ ലാബ് പ്രവർത്തിക്കുന്നു. സയൻസ് ലാബിൽ ഉപകരണങ്ങൾ ഉണ്ട് ഗണിതലാബ് ഉപകരണങ്ങൾ കൂടുതൽ ആവശ്യമാണ്.

തനതു പ്രവർത്തനങ്ങൾ: പഠനപിന്തുണാ പ്രവർത്തനങ്ങൾ ഹലോ ഇംഗ്ലീഷ്, മലയാളത്തിളക്കം, ഗണിതം മധുരം.

# നിലവിലെ അവസ്ഥ വിശകലനം

| നമ്പർ | വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|---|
| 1 | ക്ലാസ് മുറി | 9 | — |
| 2 | ചുറ്റുമതിൽ | ഉണ്ട് (ഭാഗികം) | ഉണ്ട് |
| 3 | ശുദ്ധജല സൗകര്യം | 1 | — |
| 4 | ലൈബ്രറി | 1 | — |
| 5 | കളിസ്ഥലം | 1 | — |
| 6 | അടുക്കള | 1 | — |
| 7 | ബുക്ക് റാക്ക്/ഷെൽഫ് | 2 | 3 |
| 8 | സ്റ്റേജ് | — | 1 |
| 9 | ലാപ്ടോപ്പ് | 2 | 5 |
| 10 | കമ്പ്യൂട്ടർ ലാബ് | — | 1 |
| 11 | ടോയ്‌ലെറ്റ് | 7 | — |
| 12 | പ്രൊജക്ടർ | 1 | 3 |
| 13 | റാമ്പ് | 2 | — |

## പ്രശ്നങ്ങൾ/വെല്ലുവിളികൾ

### അക്കാദമികം

* അൺ എയ്ഡഡ് സ്കൂളുകളുടെ കടന്നുവരവ് കുട്ടികളുടെ എണ്ണത്തിൽ കുറവ് വരുത്തുന്നു.
* റിസോഴ്സ് അധ്യാപകരുടെ കുറവ്
* മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
* കുറച്ച് കുട്ടികൾക്ക് അടിസ്ഥാന ശേഷി കൈവരിക്കാൻ കഴിയുന്നില്ല.

### ഭൗതികം

* ഭൂമിശാസ്ത്രപരമായ ഘടന
* പ്രഭാത ഭക്ഷണം കഴിക്കാതെ കുട്ടികൾ സ്കൂളിലെത്തുന്നു.
* കലാകായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല.
* ജൈവവൈവിധ്യ പാർക്കിന്റെ അഭാവം

### സാമൂഹികം

* വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ

പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നില്ല.

* കലാ-കായിക പ്രവൃത്തി പരിചയ സാംസ്കാരിക പരിപാടികൾ ഏകോപിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളുടെ സഹായം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

## വിഷയമേഖലാ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **മലയാളം**<br>ഭാഷാപരമായ അടിസ്ഥാനശേഷികൾ കൈവരിക്കൽ. | • എല്ലാ കുട്ടികൾക്കും വായനാകാർഡ് നൽകുന്നു. ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. ഏകദേശം പഠന ക്ലാസുകളിൽ ഈ വർക്ക്ഷീറ്റുകൾ ഉപയോഗിക്കുന്നു.<br>• കുട്ടികൾക്ക് ഒഴിവു സമയങ്ങളും വായിക്കാൻ പറ്റുന്ന രീതിയിൽ വായനാമൂല സജ്ജീകരിക്കുന്നു. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | ടീച്ചേഴ്സ് ഗ്രാന്റ് |
| ഭാഷാപഠനം ലളിതവും ആകർഷകവുമാക്കൽ | • കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ഭാഷാലാബ് തയ്യാറാക്കുന്നു.<br>• ഇന്റർനെറ്റിൽ ലഭ്യമായ പുസ്തകങ്ങൾ ചേർത്തുകൊണ്ട് ഡിജിറ്റൽ ലൈബ്രറി തയ്യാറാക്കുന്നു. | ജൂൺ-ഡിസംബർ | മലയാളം ക്ലബ്ബ് | SMC |

| | | | | |
|---|---|---|---|---|
| കുട്ടികളിൽ വായനാശീലം വളർത്തുക. | ഓരോ ആഴ്ചയിലും ലൈബ്രറി പുസ്തകങ്ങൾ നൽകി അതിന്റെ വായനാക്കുറിപ്പ് ആഴ്ച അവസാനം അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | വർഷം മുഴുവൻ | ലൈബ്രറി ഇൻ ചാർജ് വിദ്യാരംഗം | SSK |
| ഇംഗ്ലീഷ് ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ | ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു. | ആഴ്ചയിലൊന്ന് | ക്ലാസ് ടീച്ചർ | — |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, drama, Conversation, Story telling) | വർഷം മുഴുവൻ | ഇംഗ്ലീഷ് ടീച്ചർ | — |
| വായനാ പരിപോഷണം | ഇംഗ്ലീഷ് കോർണർ. കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള | ജൂൺ - ആഗസ്റ്റ് | ഇംഗ്ലീഷ് ക്ലബ്ബ് | പൂർവ്വ വിദ്യാർത്ഥികൾ |

| | | | | |
|---|---|---|---|---|
| | ഇംഗ്ലീഷ് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ. | | ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് നന്നായി പറയുവാനും, എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ. | ഇംഗ്ലീഷ് ഫെസ്റ്റ് | വർഷത്തിൽ ഒന്ന് | SMC<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| ഹിന്ദി<br>എല്ലാ കുട്ടികളിലും അടിസ്ഥാന ശേഷി ഉറപ്പിക്കുക. | വായനാക്കാർഡ് നിർമാണം, ഹിന്ദി ദിനാചരണങ്ങൾ, ഹിന്ദി അസംബ്ലി | ജൂൺ-ആഗസ്റ്റ്<br>ജൂൺ-മാർച്ച് | ഹിന്ദി ടീച്ചർ | ടീച്ചേഴ്സ് ഗ്രാന്റ് |
| ഹിന്ദി ഭാഷയ്ക്ക് മുൻഗണന നൽകുന്നു. | • ഹിന്ദി ക്യാമ്പ്, ഹിന്ദി ഫെസ്റ്റ്, ഒന്നാം ക്ലാസ് മുതൽ ഹിന്ദി പഠിക്കാനുള്ള അവസരം നൽകുക. | വർഷത്തിൽ ഒന്ന് | ഹിന്ദി ടീച്ചർ<br>SRG | PTA |
| ഹിന്ദി ഭാഷയോട് താല്പര്യം ഉളവാക്കുക. | • ഹിന്ദിയിൽ ലഭ്യമായ കാർട്ടൂൺ, കഥകൾ, സിനിമ എന്നിവയുടെ പ്രദർശനം. | ആഗസ്റ്റ്-ഡിസംബർ | ഹിന്ദി ടീച്ചർ | — |

| | | | | |
|---|---|---|---|---|
| ഗണിതം<br>സംഖ്യാബോധം, ചതുഷ്ക്രിയകൾ അളവുകൾ | കളിനോട്ട്, മഞ്ചാടി, ഉത്ത്, കമ്പ്കെട്ട്, അളവുപാത്രങ്ങൾ, സ്ഥാനവില പോക്കറ്റ്, സ്ഥാനവില സ്ട്രിപ്പ് | ജൂൺ-സെപ്റ്റംബർ | ക്ലാസ് ടീച്ചർ | ടീച്ചേഴ്സ് ഗ്രാന്റ് |
| ഗണിതപഠനം രസകരവും ആകർഷകവുമാക്കാൻ | ഗണിത മൂലയിൽ ബോർഡ് സ്ഥാപിക്കൽ, ഗണിത ക്ലബ്ബ് ശാക്തീകരണം | ജൂൺ-ഡിസംബർ | ഗണിത ക്ലബ്ബ് | PTA |
| ഗണിതത്തിലെ മുഴുവൻ ശേഷിയും നേടാൻ | · Maths clinic<br>· Maths work sheet<br>· ഗണിത സ്കിറ്റ് അവതരണം<br>· Geogebra പരിശീലനം<br>· ഉന്നേറ്റം ക്ലാസുകൾ | വർഷം മുഴുവൻ | ഗണിത ക്ലബ്ബ് | PTA ഫണ്ട്. |
| ശാസ്ത്രം<br>ശാസ്ത്ര പഠനത്തിൽ താത്പര്യം ജനിപ്പിക്കൽ. അന്വേഷണ ത്വര വളർത്തൽ | ശാസ്ത്രയാത്ര | വർഷത്തിൽ ഒന്ന് | ശാസ്ത്ര ക്ലബ്ബ് | രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| ശാസ്ത്രത്തിന്റെ പ്രക്രിയാ ശേഷികളിൽ ഉയർന്ന കുട്ടികളെയും നിശ്ചിത നിലവാരത്തിൽ എത്തിക്കുക. | • സ്കൂൾ ലാബ് ശാക്തീകരണം<br>• എല്ലാ ക്ലാസുകളിലും സയൻസ് ലാബ് / ശാസ്ത്ര കോർണർ<br>• കുട്ടിയൊരു ശാസ്ത്രകിറ്റ്.<br>• എല്ലാവർക്കും ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യാൻ അവസരം. | ജൂലായ് ജനുവരി | സയൻസ് ക്ലബ്ബ് | PTA |
| കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക. | • ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കണം.<br>• വാനനിരീക്ഷണ ക്ലാസുകൾ നടത്തണം. | സെപ്റ്റംബർ-ഫെബ്രുവരി | H.M SRG | SSG |
| സാമൂഹ്യശാസ്ത്രം<br>കുട്ടികൾക്ക് പ്രദേശത്തെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാക്കുക. | • പ്രാദേശിക ഭൂപടം തയ്യാറാക്കൽ<br>• സ്കൂളിൻ ചുറ്റുവിൽ വാർഡ്, പഞ്ചായത്ത്, ജില്ല, കേരളം, ഇന്ത്യ എന്നീ ഭൂപടങ്ങൾ വരയ്ക്കുക. | — | SSK | ഗവൺമെന്റ് |
| പ്രാദേശിക ചരിത്രത്തെക്കുറിച്ച് ധാരണ | • മുതിർന്ന പൗരന്മാരുമായി അഭിമുഖം<br>• ചരിത്ര പ്രാധാന്യമുള്ള പ്രാദേശിക സ്ഥലങ്ങളിലേക്ക് പഠനയാത്ര<br>• പ്രാദേശിക ചരിത്ര രചന | ഡിസംബർ-ഫെബ്രുവരി | പഠനയാത്ര കൺവീനർ | രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| കലാ കായിക ആരോഗ്യ പ്രവൃത്തിപരിചയ ഐ.ടി<br>കലാപരമായ കഴിവ് വികസിപ്പിക്കുന്നതിന് | · അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകുന്നു.<br>· ആഴ്ചയിൽ ഒരു ദിവസം സാഹിത്യസമാജം സംഘടിപ്പിക്കുന്നു<br>· അവധിക്കാലത്ത് ചിത്രരചനാ പരിശീലനം നൽകുന്നു. | ആഗസ്റ്റ്-ഏപ്രിൽ | BRC | പൂർവ്വ വിദ്യാർത്ഥികൾ |
| കുട്ടികളിൽ കായികക്ഷമത വളർത്തുക. | · സ്പോർട്സ് ക്ലാസുകൾ സംഘടിപ്പിക്കുക. കുട്ടികളെ തെരെഞ്ഞെടുത്ത് പരിശീലനം നൽകുക, യോഗാ ക്ലാസുകൾ സംഘടിപ്പിക്കുന്നു | ജൂൺ-മാർച്ച് | ഹെൽത്ത് ക്ലബ്ബ് | BRC |
| ശരിയായ ഭക്ഷണശീലത്തെക്കുറിച്ച് അറിവുണ്ടാക്കുക. | · ആരോഗ്യബോധവത്കരണ ക്ലാസ്സുകൾ, അടുക്കളത്തോട്ടം | ജൂൺ-ഫെബ്രുവരി | ഹെൽത്ത് ക്ലബ്ബ് | ഗവൺമെന്റ് |
| കുട്ടികൾക്ക് പരിശീലനം നൽകുക. | · പരിശീലനത്തിനാവശ്യമായ സ്ഥിരം അധ്യാപകരെ നിയമിക്കൽ | വർഷം മുഴുവൻ | BRC | BRC SSK |
| പാഠഭാഗങ്ങൾ ICT സാധ്യത ഉപയോഗിച്ച് വിനിമയം ചെയ്യുക | · മുഴുവൻ ക്ലാസുകളിലും ലാപ്ടോപ്പ്, പ്രൊജക്ടർ സംവിധാനം ഒരുക്കുക. | — | SSK | MLA, MP ഫണ്ടുകൾ |

# പദ്ധതി രൂപീകരണ പ്രക്രിയ

## അക്കാദമികം

∴ മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നിവ എല്ലാ കുട്ടികളും വായിക്കുകയും എഴുതുകയും ചെയ്യുക.

∴ ഓരോ മാസവും പുതിയ അക്കാദമിക ലക്ഷ്യം ഏറ്റെടുക്കണം. പ്രതിമാസ ക്ലാസ്സ് PTA കൾ ഓരോ യോഗത്തിലും കുട്ടികളുടെ മികവിന്റെ തെളിവുകളുടെ പ്രദർശനം, പവർ പോയിന്റ് പ്രസന്റേഷൻ സഹിതം ടീച്ചറിന്റെ വിലയിരുത്തൽ കുറിപ്പുകളുടെ അവതരണം. കുട്ടികളുടെ ഗൃഹ സന്ദർശനം വർഷത്തിൽ കുറഞ്ഞത് 3 തവണയെങ്കിലും.

∴ ഇംഗ്ലീഷ് ആശയവിനിമയത്തിന് സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ നൽകുക.

∴ മേളകളിലും കലോത്സവത്തിലും കൂടുതൽ കുട്ടികളെ പങ്കെടുപ്പിച്ച് വിജയത്തിലെത്തിക്കുക

∴ കൂടുതൽ ലാപ്ടോപ്പുകൾ അനുവദിക്കുക.

## ഭൗതികം

∴ സ്കൂളിന്റെ ബാക്കിയുള്ള ഭാഗം കൂടി തറയോട് പാകുക.

∴ സ്കൂളിന്റെ വലിയ ഗ്രൗണ്ട് മണ്ണിട്ട് ഉയർത്തുക.

∴ ഭക്ഷണശാല സ്ഥാപിക്കുക.

## സാമൂഹികം

∴ കോർണർ PTA കളിൽ സാമൂഹിക ജനപ്രതിനിധികളെ പങ്കാളികളാക്കുക.

∴ അക്കാദമിക മികവാണ് സ്കൂളിന്റെ മികവ് എന്ന ആശയം സമൂഹത്തിൽ എത്തിക്കുക.

∴ പഠനോത്സവം പൊതുയിടത്തിൽ സംഘടിപ്പിക്കുക. ഫ്ലാഷ് മോബ് സംഘടിപ്പിക്കുകയും. പൊതുസ്ഥാപനങ്ങൾ സന്ദർശിച്ച് അവിടത്തെ ഉദ്യോഗസ്ഥരെയും, സമീപത്തുള്ള വീടുകൾ സന്ദർശിച്ച് പരിപാടിയിലേക്ക് ക്ഷണിക്കുക.

∴ പഠനം എന്നത് കേവലം മനപ്പാഠമാക്കലും അടിച്ചേൽപ്പിക്കലും അല്ല എന്ന ധാരണ സമൂഹത്തിന് ബോധ്യമാക്കുക.

∴ വർദ്ധിച്ചുവരുന്ന അൺ എയ്ഡഡ് സ്കൂളുകളിലേക്ക് തങ്ങളുടെ പുതുതലമുറയെ എത്തിക്കാതെ നാളത്തെ സമൂഹത്തിന് ആവശ്യമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം വിഭാവനം ചെയ്യലാണ് സർക്കാർ സ്കൂളുകൾ ചെയ്യുന്നതെന്ന ധാരണ സമൂഹത്തിന് നൽകുക.

# ഉപസംഹാരം

ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങളാണ്. അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ്. ഈ ആശയങ്ങളിൽ ഊന്നിയാണ് വിദ്യാലയ പദ്ധതിക്ക് രൂപം നൽകിയത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ഈ മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.